നിക്ഷേപ ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും നിക്ഷേപ ലക്ഷ്യം വീതിച്ച് നൽകുകയും ജില്ലാതല ഓഫീസർമാരുടെയും ഏന്റുമാരുടെയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തുവരുന്നു. ഏജന്റുമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ കഴിവതും കൃത്യമായിത്തന്നെ നൽകിവരുന്നു. ദേശീയ സമ്പാദ്യ പദ്ധതി ഉദ്യോഗസ്ഥരുടെ റിവ്യൂ മീറ്റിംഗുകൾ കാലാകാലങ്ങളിൽ കൃത്യമായി നടത്തുന്നുണ്ട്. കൂടാതെ നിക്ഷേപ പദ്ധതികൾക്ക് ആവശ്യമായ പ്രചരണം പത്രമാധ്യമങ്ങളിലൂടെ നൽകുന്നുണ്ട്.

(ബി) ഉണ്ട്. ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്ക് ദേശസാൽകൃത ബാങ്കുകൾക്കും മറ്റ് ഇതര ബാങ്കിംഗ് സ്ഥാപനങ്ങൾക്കും ഉണ്ടായ പലിശ വർദ്ധനവിന് ആനുപാതികമായി വർദ്ധിപ്പിക്കാത്തത്, സ്ഥാപനങ്ങൾ മുഖേനയുള്ള നിക്ഷേപം കേന്ദ്രഗവൺമെന്റ് നിർത്തലാക്കിയത്, ദേശീയ സമ്പാദ്യ പദ്ധതിയിലെ പ്രധാന സ്കീമായ MIS-ന് നൽകിവന്നിരുന്ന ബോണസ്സ് തുകയിൽ കുറവ് വരുത്തിയത് തുടങ്ങി പല ഘടകങ്ങൾ ദേശീയ സമ്പാദ്യ പദ്ധതി ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വന്നതിന് കാരണമായിട്ടുണ്ട്.

(സി) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ ക്ഷേമത്തിനായി നിലവിൽ പെൻഷൻ പദ്ധതി ക്ഷേമനിധി, റിസ്ക് കവറേജ്, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം എന്നിവയും ഏജന്റുമാരുടെ മക്കൾക്ക് സ്ക്കോളർഷിപ്പും ഏർപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ഏജന്റുമാർക്ക് ലോൺ വ്യവസ്ഥയിൽ കമ്പ്യൂട്ടർ നൽകുന്നതിനും അവർക്ക് സമഗ്ര ആരോഗ്യ പരിരക്ഷ പദ്ധതിയിൽ അംഗത്വം നൽകുന്നതിനും നിലവിലുള്ള ചികിത്സാ ധനസഹായ പരിധി ഉയർത്തുന്നതിനും മെച്ചപ്പെട്ട ഒരു പെൻഷൻ പദ്ധതി ഡിപ്പാർട്ട്മെന്റ് നേരിട്ട് നടപ്പിലാക്കുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) നിലവിൽ LIC യുമായി ചേർന്ന് നടത്തുന്ന പെൻഷൻ പദ്ധതി ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ഏറ്റെടുത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ബാധ്യത കണക്കാക്കി വരുന്നതേയുള്ളൂ.

നാടുരാജാക്കൻമാർ പാട്ടത്തിന് നൽകിയിരുന്ന സർക്കാർ ഭൂമിയിന്മേലുള്ള പാട്ടത്തുക വർദ്ധിപ്പിച്ച് അധിക വിഭവ സമാഹരണം

108 (2586) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളപ്പിറവിക്ക് മുമ്പ് നാടുരാജാക്കന്മാർ പാട്ടത്തിന് നൽകിയിരുന്ന സർക്കാർ ഭൂമിയിന്മേലുള്ള പാട്ടത്തുക വർദ്ധിപ്പിച്ച് അധികവിഭവസമാഹരണം നടത്താനായി 2009-2010, 2010-2011 സാമ്പത്തികവർഷം ഉദ്ദേശിച്ചിരുന്നോ ;

(ബി) എങ്കിൽ എത്ര തുകയാണ് പ്രതീക്ഷിച്ചിരുന്നത് ;

(സി) പ്രസ്തുത കാലയളവിൽ ഈ ഇനത്തിൽ എത്ര തുക പാട്ടസംഖ്യ വർദ്ധിച്ചതിൽ നിന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത തുക ഏതെല്ലാം ആവശ്യങ്ങൾക്കായാണ് വിനിയോഗിച്ച തെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിൽ ബാക്കി എത്ര തുക നീക്കിയിരിപ്പുണ്ടെന്ന് വെളിപ്പെടു ത്തുമോ ?

ഉത്തരം

(എ) ഉദ്ദേശിച്ചിരുന്നു.

(ബി) 1980-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ്സ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ആക്ട് പ്രകാരം 1990-ൽ പുറപ്പെടുവിച്ച കേരള ഗ്രാന്റ്സ് ആന്റ് വീസസ്സ് മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) റൂൾസ് 25-11-2009-ലെ ജി.ഒ.(പി) നമ്പർ. 50/9 വനം (എസ്.ആർ.ഒ.നമ്പർ.1010/09) പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ഇത് പ്രകാരം പാട്ട വാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു. ഇതുമൂലമുള്ള വരുമാന വർദ്ധനവിന്റെ തോത് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) പാലക്കാട് ജില്ലയിൽ 19 കേസുകളിലായി പ്രതിവർഷം 22,00,133 രൂപയായി പാട്ട നിരക്ക് നിശ്ചയിക്കുകയും ആയത് പിരിച്ചെടുക്കുവാൻ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പാട്ട സംഖ്യാ നിരക്ക് വർദ്ധിപ്പിച്ചത് മൂലമുണ്ടായ വരുമാനം പ്രത്യേകം തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി&ഇ) പാട്ട സംഖ്യാ നിരക്ക് വർദ്ധിപ്പിച്ചതുകൊണ്ടുണ്ടാകുന്ന വരുമാന വർദ്ധനവിന്റെ പ്രത്യേകം കണക്കുകൾ സൂക്ഷിക്കുന്നില്ല.

വിവിധ ഡാമുകളിൽ നിന്നുള്ള മണൽ വില്പനയിൽ സമാഹരിച്ച തുക

109 (2587) ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിവിധ ഡാമുകളിൽ നിന്നും ലഭിച്ച മണൽ വിൽക്കുന്ന ഇനത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ എന്ത് തുക സമാഹരിക്കുമെന്നാണ് കണക്കാക്കിയിരുന്നത് ?

ഉത്തരം

നടപ്പുസാമ്പത്തിക വർഷത്തിൽ വിവിധ ഡാമുകളിൽ നിന്നും ലഭിച്ച മണൽ വില്ക്കുന്ന ഇനത്തിൽ 350 കോടി രൂപ സമാഹരിക്കാനാകുമെന്നാണ് കണക്കാക്കിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly